**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ - കരാറുകാരുടെ കുടിശ്ശിക നൽകുന്നതിലേയ്ക്കായി വായ്പ എടുക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 3195/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 04.10.2017.

പരാമർശം - (1) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 11.07.2017 ലെ 1(c) നമ്പർ പ്രമേയം.

(2) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 03.08.2017 ലെ MOA1/27520/2011 നമ്പർ കത്ത്.

(3) നഗരകാര്യ ഡയറക്ടറുടെ 27.09.2017 ലെ ഡി.സി3-31205/2017 നമ്പർ കത്ത്.

**ഉത്തരവ്**

കരാറുകാരുടെ കുടിശ്ശിക തുക നൽകുന്നതിനായി എറണാകുളം സിൻഡിക്കേറ്റ് ബാങ്കിൽ നിന്നും സർക്കാർ അനുമതിയ്ക്ക് വിധേയമായി 10 കോടി രൂപ വായ്പ എടുക്കുന്നതിന് പരാമർശം (1) പ്രകാരം കൊച്ചി നഗരസഭാ കൗൺസിൽ തീരുമാനമായതിനെ തുടർന്ന്, പ്രസ്തുത ആവശ്യത്തിലേയ്ക്കായി കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് 297(II) പ്രകാരം സർക്കാർ അനുമതി നൽകണമെന്ന് പരാമർശം (3) ലെ കത്തിലൂടെ നഗരകാര്യ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കൊച്ചി നഗരസഭയിലെ കരാറുകാരുടെ കുടിശ്ശിക നല്കുന്നതിനു വേണ്ടി മാത്രം കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് 297(II) പ്രകാരം എറണാകുളം സിൻഡിക്കേറ്റ് ബാങ്കിൽ നിന്നും 10 കോടി രൂപ വായ്പ എടുക്കുന്നതിന് കൊച്ചി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി.,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.